## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.645. 13.06. 2012-ൽ മറുപടിയ്ക്ക്**

## ആരോഗ്യ വകുപ്പിന്റെ സമഗ്ര വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന ആരോഗ്യ വകുപ്പിനു കീഴിൽ പ്രാഥമികതലം മുതലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ദേശീയ നിലവാരത്തിലേക്ക് ഇത്തരം സ്ഥാപനങ്ങളെ ഉയർത്തിക്കൊണ്ടു വരാനും ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുവാനുമുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | താലൂക്ക് ആശുപത്രിതലം മുതലും തെരഞ്ഞെടുക്കപ്പെട്ട സി.എച്ച്.സി.കളിലും സ്പെഷ്യലിസ്റ്റ് സേവനം ലഭ്യമാണ്. സംസ്ഥാനത്തെ ആശുപത്രികളിൽ രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിന്റെ ഭാഗമായി ടോക്കൺ സിസ്റ്റം, ഒ.പി.യിൽ വരുന്ന രോഗികൾക്ക് ഇരിക്കുവാനുള്ള സൗകര്യങ്ങൾ, കുടിവെള്ളം ലഭ്യമാക്കൽ, ടോയിലറ്റ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നിരവധി ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ പുതിയ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആശുപത്രികളെ ഐ.പി.എച്ച്.എസ്. നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഒട്ടനവധി പി.എച്ച്.സി.കളെ സി.എച്ച്.സി.കളായും സി.എച്ച്.സി.കളെ താലൂക്ക് ആശുപത്രികളായും ഉയർത്തിയിട്ടുണ്ട്. എൻ.ആർ.എച്ച്.എം. സംസ്ഥാന ഫണ്ടുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ ഉപയോഗിച്ച് പുതിയ കെട്ടിട നിർമ്മാണം, കെട്ടിടങ്ങളുടെ നവീകരണം, ഓപ്പറേഷൻ തീയേറ്റർ, ലാബുകൾ, ലേബർ റൂം എന്നിവയുടെ നവീകരണ-നിർമ്മാണ പ്രക്രിയകൾ നടത്തി വരുന്നു. കൂടാതെ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി പരമാവധി മരുന്നുകൾ ഏറെക്കുറെ രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ ആരോഗ്യ വകുപ്പിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള കർമ്മ പരിപാടികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഒന്നാം വർഷം നടപ്പിലാക്കേണ്ട പദ്ധതികൾ 2012-2013 സാമ്പത്തിക വർഷത്തെ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. |

B.V.Kumar

സെക്ഷൻ ഓഫീസർ